# ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എക്സ്റ്റി)
## നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ൽ നിന്നും ഗ്രേഡ് I-ലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം: 1) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.02.2017-ലെ ഉത്തരവ്

2) ഉത്തരവ് നമ്പർ: ഇ.എസ്.5-14554/2017/ആ.വ.ഡ. തീയതി: 09.06.2017

3) ഉത്തരവ് നമ്പർ: ഇ.എസ്.5-11632/2017/ആ.വ.ഡ. തീയതി: *08.05.2017, 07.06.2017, 13.06.2017*

**ഉത്തരവ് നമ്പർ: ഇ.എഫ്.2-40300/2017/ആ.വ.ഡ. തീയതി: 16.06.2017**

ആരോഗ്യവകുപ്പിൽ സംസ്ഥാനതലത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് I-ന്റെ നിലവിലെ ഒഴിവുകളിൽ പരാമർശം(2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II ജീവനക്കാരെയും പരാമർശം(3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II ജീവനക്കാരെയും 26500-56700 ശമ്പള സ്കെയിലിൽ കെ.എസ്.&എസ്.എസ്.ആർ. ചട്ടം 31(a)(1)-ന്റെ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I ആയി സ്ഥാനക്കയറ്റം നൽകി ഇതോടൊപ്പമുള്ള അനുബന്ധ പട്ടികയിൽ അവരുടെ പേരിന് നേരെ കൊടുത്തിരിക്കുന്ന ജില്ലയിൽ സ്ഥാനക്കയറ്റം നൽകി അനുവദിച്ച് ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം(1) ഉത്തരവിന് വിധേയമായി സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉചിതസ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിനും ഗ്രേഡ് I-ന്റെ ഒഴിവില്ലായെങ്കിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ സ്ഥാനക്കയറ്റ തസ്തികയിൽ തുടരുന്നതിനും ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നതും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തുടരാൻ അനുവദിക്കുകയും ചെയ്ത ജീവനക്കാരെ 2017-ലെ പൊതുസ്ഥലംമാറ്റത്തിൽ ആവശ്യമായി വരുന്നപക്ഷം സ്ഥലംമാറ്റി നിയമിക്കുന്നതായിരിക്കും.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I ആയി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ റാങ്ക് നമ്പർ, ജനനതീയതി, പരിവീക്ഷണകാലം പൂർത്തിയാക്കിയ തീയതി, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം എന്നിവ വിശദമായി പരിശോധിക്കേണ്ടതും ആയതിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ഈ ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ആ വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. വ്യത്യാസം കണ്ടെത്തുന്നപക്ഷം അത്തരക്കാരുടെ ഉദ്യോഗക്കയറ്റം മുൻകൂർ നോട്ടീസ് കൂടാതെ റദ്ദാക്കുന്നതായിരിക്കും.

ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗികരേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ. സമീറ.എ.
അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്:
ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേലധികാരി മുഖേന

പകർപ്പ് : 1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2) സ്ഥാപന മേധാവികൾക്കും
3) കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്